**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **10-10-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡ് പ്രവൃത്തിക്ക് 01/11/2016-ലെ സ.ഉ(സാധാ) നം. 1502/2016/ പൊമവ പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28/10/2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പടെ 38.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 02/11/2021 തീയതിയിലെ സ.ഉ(സാധാ) നം.3675/2021/ആർ ഡി നമ്പർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുകയും 4(1) നോട്ടിഫിക്കേഷൻ 18/09/2023-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 12,30,486/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ 06.02.2023-ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചത് റവന്യൂ വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കിഫ്ബിയുടെ 12/10/2023 തീയതിയിലെ APR-1/5676/2022/KIIFB നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തി കിഫ്ബിയുടെ ഡെഫെർഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ തൽക്കാലം പ്രവൃത്തികൾ എല്ലാം നിർത്തിവെക്കാൻ അറിയിച്ചിരുന്നു. ടി റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് 14.01.2024-ൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ സാമൂഹിക ആഘാത വിലയിരുത്തൽ പഠനം വരെ മുന്നേറിയതിനാലും 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനാലും പ്രസ്തുത പ്രവൃത്തി ഡെഫെർഡ് ലിസ്റ്റിൽനിന്നും ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് |

| | | | |
|---|---|---|---|
| | | | അനുവാദം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡ് പ്രവൃത്തിക്ക് 01/11/2016-ലെ സ.ഉ(സാധാ) നം. 1502/2016/ പൊമവ പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28/10/2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പടെ 38.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 02/11/2021 തീയതിയിലെ സ.ഉ(സാധാ) നം.3675/2021/ആർ ഡി നമ്പർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുകയും 4(1) നോട്ടിഫിക്കേഷൻ 18/09/2023-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 12,30,486/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ 06.02.2023-ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചത് റവന്യൂ വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കിഫ്ബിയുടെ 12/10/2023 തീയതിയിലെ APR-1/5676/2022/KIIFB നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തി കിഫ്ബിയുടെ ഡെഫെർഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ തൽക്കാലം പ്രവൃത്തികൾ എല്ലാം നിർത്തിവെക്കാൻ അറിയിച്ചിരുന്നു. ടി റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് 14.01.2024-ൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ സാമൂഹിക ആഘാത വിലയിരുത്തൽ പഠനം വരെ മുന്നേറിയതിനാലും 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനാലും പ്രസ്തുത പ്രവൃത്തി ഡെഫെർഡ് ലിസ്റ്റിൽനിന്നും ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുവാദം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ